**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1930 | 25.3.2013- ൽ മറുപടിക്ക്

## സർക്കാർ ജീവനക്കാർക്കെതിരെയുള്ള കൈക്കൂലിക്കേസ്സുകൾ

**ചോദ്യം**

ശ്രീ.എസ്.രാജേന്ദ്രൻ :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി.

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ജീവനക്കാർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് 51 ജീവനക്കാർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

**(ബി)** എത്ര ജീവനക്കാരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര ജീവനക്കാരെ സസ്പെൻഡു ചെയ്തിട്ടുണ്ടെന്നും വകുപ്പു തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

**(ബി)** കൈക്കൂലി കേസിൽ അറസ്റ്റ് ചെയ്യുകയും സസ്പെൻഡു ചെയ്യുകയും ചെയ്ത സർക്കാർ ഉദ്യോഗസ്ഥരുടെ വകുപ്പു തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | റവന്യ വകുപ്പ് | 23 |
| 2. | ആരോഗ്യ വകുപ്പ് | 2 |
| 3. | കെ.എസ്.ഇ.ബി | 2 |
| 4. | പോലീസ് വകുപ്പ് | 7 |
| 5. | സിവിൽ സപ്ളൈസ് വകുപ്പ് | 1 |
| 6. | പഞ്ചായത്ത് വകുപ്പ് | 6 |
| 7. | തൊഴിൽ വകുപ്പ് | 1 |
| 8. | വാണിജ്യ നികുതി വകുപ്പ് | 4 |
| 9. | ഫിഷറീസ് വകുപ്പ് | 1 |
| 10 | വനം വകുപ്പ് | 2 |
| 11 | എക്സൈസ് വകുപ്പ് | 2 |

**(സി)** ഈ സർക്കാരിന്റെ കാലത്ത് അഴിമതികേസ്സിൽ സസ്പെൻഡ് ചെയ്യപ്പെട്ട എത്ര പേരെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**(സി)** ഈ സർക്കാരിന്റെ കാലത്ത്, അഴിമതിക്കേസിൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യപ്പെട്ട 24 പേരെ തിരിച്ചെടുത്തിട്ടുണ്ട്.

Manjith

സെക്ഷൻ ആഫീസർ